**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5342** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയ്ക്ക് പുതിയ ഇലക്ട്രിക് ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്കായി അഞ്ഞൂറ് പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുവാനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; എന്ത് തുകയാണ് ഈ ഇനത്തിൽ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നത്; | (എ) | പ്രവർത്തനചെലവ് കുറഞ്ഞ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു. എന്നാൽ പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. |
| (ബി) | റീച്ചാർജ് ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന പരിമിതി ഒഴിവാക്കുന്ന തരത്തിലുള്ള വാഹനങ്ങളാണോ വാങ്ങുവാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പ്രവർത്തനചെലവ് കുറഞ്ഞ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു. എന്നാൽ പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുൻപ് വാങ്ങിയ ഇലക്ട്രിക് ബസ്സുകളിൽ എത്രയെണ്ണം നാളിതുവരെ നിരത്തിലിറക്കിയിട്ടുണ്ട്; അവയുടെ സർവ്വീസ് ലാഭകരവും കാര്യക്ഷമവും ആണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനാണ് ഓർഡർ നൽകിയത്. ഇതിന്റെ ആദ്യഘട്ടത്തിൽ 5 എണ്ണം തിരുവനന്തപുരത്ത് 24.6.2022-ൽ എത്തിച്ചേർന്നു. 15-7-2022 വരെ 19 ബസ്സുകൾ എത്തിയിട്ടുണ്ട്, ഇതിൽ പത്തു ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാലുടൻ തന്നെ സർവീസ് ആരംഭിയ്ക്കുന്നതാണ്. സർവീസ് ആരംഭിച്ചതിനു ശേഷമേ ലാഭ-നഷ്ടം, കാര്യക്ഷമത എന്നിവ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ സാധ്യമാകുകയുള്ളൂ. |
| (ഡി) | നിലവിലുള്ള ഇലക്ട്രിക് ബസ്സുകളുടെ കാര്യക്ഷമത ബോധ്യപ്പെടുന്നതിന് മുൻപ് അഞ്ഞൂറ് ബസ്സുകൾ കൂടി വാങ്ങുവാൻ തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനാണ് ഓർഡർ നൽകിയത്. ഇതിന്റെ ആദ്യഘട്ടത്തിൽ 5 എണ്ണം തിരുവനന്തപുരത്ത് 24.6.2022-ൽ എത്തിച്ചേർന്നു. 15-7-2022 വരെ 19 ബസ്സുകൾ എത്തിയിട്ടുണ്ട്, ഇതിൽ പത്തു ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാലുടൻ തന്നെ സർവീസ് ആരംഭിയ്ക്കുന്നതാണ്. സർവീസ് ആരംഭിച്ചതിനു ശേഷമേ ലാഭ-നഷ്ടം, കാര്യക്ഷമത എന്നിവ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ